കക്ഷിരാഷ്ട്രീയ സങ്കുചിതത്വത്തിന്റെ ബഹുരൂപങ്ങൾ: എം. ഐ. തങ്ങൾ


# തൂലിക

മാസിക 2009 സെപ്തംബർ







Date..............


## ശിഹാബ് തങ്ങൾ: ഒരു ദീപസ്തംഭം കാണുന്ന പോലെ

പുനത്തിൽ കുഞ്ഞബ്ദുള്ള

**പാണക്കാട്ടെ സമാധാനപാലകൻ**

എൻ. മാധവൻകുട്ടി


## രാഷ്ട്രീയത്തിന് എന്ത് സംഭവിക്കുന്നു?

ബിനായക് സെൻ വിരൽ ചൂണ്ടുന്നത്


കെ. അരവിന്ദാക്ഷൻ

**യൂസഫ് അറക്കലിന്റെ ചിത്രങ്ങളെക്കുറിച്ച്**

**പി. സുരേന്ദ്രൻ**




ഭാവിയിലെ കേരള രാഷ്ട്രീയം
സി. ആർ. പരമേശ്വരനുമായി അഭിമുഖം



രാഷ്ട്രീയത്തിൽ മൂല്യച്യുതിയോ ?
കെ. വേണു



മാർക്സിസം: ചികിത്സയില്ലാത്ത ജരാനരകൾ
അഡ്വ. കെ. എൻ. എ. ഖാദർ



# തൂലിക

മാസിക 2009 സെപ്തംബർ
വില: 12 രൂപ

## ഭാവിയിലെ കേരളരാഷ്ട്രീയം 12

**സി.ആർ. പരമേശ്വരൻ**

കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ സമൂഹം പരമ്പരാഗത രാഷ്ട്രീയ സമൂഹത്തേയും ജനതയേയും നീരാളിപോലെ ഗ്രസിച്ചിരിക്കുന്നു. ഒരു വലതുപക്ഷ സർക്കാർ വന്നാൽ പോലും ഈ സ്റ്റാലിനിസ്റ്റ് ഘടന അന്യൂനമായി നിലനിൽക്കും. കപട ഇടതുപക്ഷ സംസ്കൃതിയുടെ മറപറ്റി പൊതുസമൂഹത്തെ തകർത്ത കേരളത്തിൽ രാഷ്ട്രീയ സമൂഹം വ്യാപ്തിയുടെ കാര്യത്തിൽ ഇങ്ങനെ അനന്യമാണ്. തൂലിക പ്രതിനിധി നടത്തിയ അഭിമുഖം.

## രാഷ്ടീയത്തിൽ മൂല്യച്യുതിയോ ? 16

**കെ.വേണു**

അധികാരം ഒരു വിദൂരസ്വപ്നം മാത്രമായിരുന്ന കാലഘട്ടത്തിൽ നടന്നിരുന്ന രാഷ്ട്രീയപ്രവർത്തനത്തിന്റെ സാഹചര്യത്തിൽ നിന്ന് തുലോം ഭിന്നമായ ഒരു രാഷ്ട്രീയാന്തരീക്ഷമാണ് ഇവിടെയുണ്ടാകുന്നത്. ഈ മാറ്റം വസ്തുനിഷ്ഠമായ ചരിത്രസാഹചര്യത്തിൽ ഉണ്ടാകുന്ന മാറ്റത്തിന്റെ ഫലമാണ്. ഈ മാറ്റമാണ് രാഷ്ട്രീയപാർട്ടികളുടെ സ്വഭാവത്തിലും പ്രവർത്തനശൈലിയിലുമുള്ള മാറ്റമായി പ്രതിഫലിക്കുന്നത്. നമ്മുടെ പാർലിമെന്ററി വ്യവസ്ഥയുടെ അപചയ കാരണങ്ങൾ വിശകലനം ചെയ്യുന്നു.

## കക്ഷിരാഷ്ട്രീയ സങ്കുചിതത്വത്തിന്റെ ബഹുരൂപങ്ങൾ 19

**എം.ഐ. തങ്ങൾ**

കക്ഷിരാഷ്ട്രീയ സങ്കുചിതത്വത്തിന്റെ ബഹുരൂപങ്ങൾ, അനന്തരഫലങ്ങൾ മുതലായവ ചേർന്ന് അശ്ലീല നൃത്തം തിമർത്താടുന്നത് കണ്ടുനിൽക്കാൻ ജനത വിധിക്കപ്പെടുമ്പോൾ, ഇതിനെതിരായി ഉയരേണ്ട ശബ്ദങ്ങളൊക്കെ ഷണ്ഡീകരിക്കപ്പെടുകയോ വില്ക്കപ്പെടുകയോ ചെയ്യുമ്പോൾ മനീക്കീയൻ മതങ്ങളെപോലെ ഒരു വിമോചകനെ കാത്ത് വഴിയിൽ നിൽക്കുകയാണ് പരമ്പാരാഗത സമൂഹം. എന്നാൽ മനസ്സില്ല ഈ കാത്തുനിൽപ്പിന് എന്ന് കഴിഞ്ഞ പാർലിമെന്റ് തെരഞ്ഞെടുപ്പിൽ വ്യക്തമാക്കാൻ ഒരു കൂട്ടമാളുകൾ തയ്യറായിരിക്കുന്നു.

## രാഷ്ട്രീയത്തിന് ഒരു ശസ്ത്രക്രിയ 24

**അസാദ് തൃക്കോഴിക്കൽ**

കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വം വെടിഞ്ഞ് ജനങ്ങളുടെ വർദ്ധിത ജനാധിപത്യബോധത്തിനനുസൃതമായി ഉണർന്നുപ്രവർത്തിക്കാൻ രാഷ്ട്രീയപാർട്ടികളുടെ നേതാക്കൾ മുന്നോട്ടുവരികയും രാഷ്ട്രീയത്തെ ആവശ്യമായ ശസ്ത്രക്രിയക്ക് വിധേയമാക്കുകയും വേണം.

### ലേഖനങ്ങൾ

4 പാണക്കാട്ടെ സമാധാനപാലകൻ
എൻ.മാധവൻകുട്ടി

7 ഒരു ദീപസ്തംഭം കാണുന്നപോലെ
ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ള

28 ബിനായക് സെൻ വിരൽ ചൂണ്ടുന്നത്
കെ.അരവിന്ദാക്ഷൻ

32 മാർക്സിസം :
ചികിത്സയില്ലാത്ത ജരാനരകൾ
അഡ്വ: കെ.എൻ.എ.ഖാദർ

36 കറുത്ത നഗരങ്ങൾ
പി.സുരേന്ദ്രൻ

40 റമദാൻ :
മനുഷ്യ സ്നേഹത്തിന്റെ അമ്പിളിക്കല
ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി

### കഥ

10 ശ്മശാനഭൂമി
ഖലീൽജിബ്രാൻ
വിവർത്തനം : സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ

46 എന്റിക് ലിനുമായി ഒരു കൂടിക്കാഴ്ച
റോബർത്തോ ബൊളാന്യോ

56 ചിത്രം പേരയ്ക്ക: സംവിധാനം...
ഷെഫി

### കവിത

39 യാഥാർത്ഥ്യത്തിന്റെ തീനാളം
യൂസുഫ് അറയ്ക്കൽ

44 വിപരീതം, വാലന്റൈൻ
സയൻസൺ പുന്നശ്ശേരി

45 എങ്ങനെ നുള്ളണം ചെഞ്ചീര
വിമീഷ് മണിയൂർ

55 അഴിമുഖം
പുരുഷൻ ചെറുകുന്ന്

### പംക്തികൾ

വെബ്സൈറ്റ് പരിചയം 50
പുതിയ സോഫ്റ്റ് വെയർ 51
കോഴ്സ്/തൊഴിൽ 52
കളിയുടെ കഥ 53
ബൂലോഗം 59
കാമ്പസ് 63
വാർത്ത/ചിത്രം 64
ഗ്രൗണ്ട് സീറോ 66

FAROOK COLLEGE LIBRARY
Date..................
FAROOK COLLEGE CALICUT

**തൂലിക**
ബാഫഖി യൂത്ത് സെന്റർ
എം.എ. റോഡ്
കോഴിക്കോട് - 01
ഫോൺ: 0495-2700791
thoolikamonthly@gmail.com

മാനേജിംഗ് എഡിറ്റർ
**കെ.എം. ഷാജി**

ചീഫ് എഡിറ്റർ
**അഡ്വ. എൻ. ഷംസുദ്ദീൻ**

കൺസൾട്ടിംഗ് എഡിറ്റർ
**എം.സി. വടകര**

എഡിറ്റർ
**പി.എം. സാദിഖലി**

സബ് എഡിറ്റർമാർ
**എൻ.പി. സമദ്**
**സി.കെ. സുബൈർ**
**പി.എം. ഹനീഫ്**

സർക്കുലേഷൻ മാനേജർ
**കെ.ടി.എ. ജബ്ബാർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഷെരീഫ് സാഗർ**

കവർ & ലേഔട്ട്
**പിയംസ്**

ടൈപ്പ് സെറ്റിംഗ്
**കോലോത്ത്,തൃപ്രയാർ**



> പൊതു വ്യക്തിത്വമോ, ആത്മീയ നേതാവോ അല്ലായിരിക്കാം. എന്നാലും നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുന്നു. ഇന്ത്യൻ മുസ്ലിംകളുടെ പ്രമുഖ മുഖ്യധാരാ പാർലമെന്ററി രാഷ്ട്രീയ പാർട്ടിയായ മുസ്ലിംലീഗിന്റെ കാര്യദർശിയായി സംഭവബഹുലമായ മൂന്ന് പതിറ്റാണ്ട് പിന്നിട്ട് മറഞ്ഞുപോയ പൊതു വ്യക്തിത്വമാണ് ശിഹാബ് തങ്ങൾ. ജനങ്ങൾക്ക് അദ്ദേഹം ശാന്തനെന്ന നിലയിൽ മാത്രമല്ല, സമാധാന പാലകന്റെ യഥാർത്ഥ ഇസ്ലാമിക അർത്ഥത്തിലും നിങ്ങൾക്ക് ദൈവത്തിന്റെ സമാധാനമുണ്ടാവട്ടെ എന്ന് ധ്വനിഷിക്കുന്ന ദൈനംദിന മുസ്ലിം അഭിവാദ്യ ശൈലിയായ അസ്സലാമു അലൈക്കും എന്ന പ്രയോഗത്തിലും ഉൾക്കൊള്ളാനാവും.

# പാണക്കാട്ടെ സമാധാനപാലകൻ

**എൻ. മാധവൻ കുട്ടി**

*മുസ്ലിംകളെ വ്യക്തികളായി കാണാൻ എളുപ്പവും അതുപോലെ ദുഷ്കരവുമാണ്.*

*-റൊളാണ്ട് ഇ മില്ലർ (മുസ്ലിം സുഹൃത്തുക്കൾ)*

എളുപ്പമാണ്, കാരണം മുമ്പെന്നത്തേക്കാളേറെ നിങ്ങൾ മുസ്‌ലിമിനോട് ചേർന്ന് ജീവിക്കുന്നു. ദുഷ്കരമാണ്, കാരണം നിങ്ങളുടെ അയൽവാസിയായ മുസ്ലിമിനെക്കുറിച്ച് രാഷ്ട്രീയമായ മുൻവിധിയോടെ വാർത്തെടുത്ത രൂപത്തെ മറികടക്കുകയെന്നത് മുമ്പത്തേക്കാളേറെ ദുഷ്കരമാണ്.

ഇവിടെയാണ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ പ്രസക്തി. അദ്ദേഹം നിങ്ങളുടെ സങ്കൽപത്തിലുള്ള പൊതു വ്യക്തിത്വമോ, ആത്മീയ നേതാവോ അല്ലായിരിക്കാം. എന്നാലും നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുന്നു. ഇന്ത്യൻ മുസ്ലിംകളുടെ പ്രമുഖ മുഖ്യധാരാ പാർലമെന്ററി രാഷ്ട്രീയ പാർട്ടിയായ മുസ്ലിംലീഗിന്റെ കാര്യദർശിയായി സംഭവബഹുലമായ മൂന്ന് പതിറ്റാണ്ട് പിന്നിട്ട് മറഞ്ഞുപോയ പൊതു വ്യക്തിത്വമാണ് ശിഹാബ് തങ്ങൾ. ജനങ്ങൾക്ക് അദ്ദേഹം ശാന്തനെന്ന നിലയിൽ മാത്രമല്ല, സമാധാന പാലകന്റെ യഥാർത്ഥ ഇസ്ലാമിക അർത്ഥത്തിലും "നിങ്ങൾക്ക് ദൈവത്തിന്റെ സമാധാനമുണ്ടാവട്ടെ" എന്ന് ധ്വനിപ്പിക്കുന്ന ദൈനംദിന മുസ്ലിം അഭിവാദ്യ ശൈലിയായ "അസ്സലാമു അ

ലൈക്കും" എന്ന പ്രയോഗത്തിലും
ഉൾക്കൊള്ളാനാവും.

ജനാധിപത്യ നീതിശാസ്
ത്രത്തിൽ ഇത്രയും ദീർഘകാലം
ഏതെങ്കിലും പദവിയിലോ വ
കുപ്പിലോ ഇരിക്കുന്ന ഒരാളെ നി
ങ്ങൾക്ക് സങ്കൽപ്പിക്കാനാവില്ല. അ
ങ്ങനെയുണ്ടെങ്കിൽ അത് അയാൾ
ക്ക് കിട്ടിയ ജന്മാവകാശമോ മറ്റോ
ആയിരിക്കണം. എന്നാൽ ശിഹാബ്
തങ്ങളുടെ കാര്യത്തിൽ നാം ശ്രദ്ധി
ക്കേണ്ട പ്രധാനപ്പെട്ട ഒരു വസ്തു
തയുണ്ട്. അദ്ദേഹത്തിന്റെ പിതാവ്
പാണക്കാട് പി.എം.എസ്.എ പൂ
ക്കോയ തങ്ങളുടെ വിയോഗാനന്ത
രം പാർട്ടിയുടെ കടിഞ്ഞാൺ ഏ
റ്റെടുക്കാൻ തുടക്കത്തിൽ വൈമ
നസ്യം കാണിച്ച വ്യക്തിയായിരു
ന്നു ശിഹാബ് തങ്ങൾ. എന്നാൽ എ
ല്ലാവരുടെയും നിർബന്ധത്തിനു
വഴങ്ങി ആ പദവി ഏറ്റെടുത്തത് സ
മാധാനത്തോടുള്ള, സമാധാനപാ
ലനത്തോടുള്ള അദ്ദേഹത്തിന്റെ
സമീപനത്തെ സൂചിപ്പിക്കുന്നു. അ
ങ്ങനെയുള്ള മനോഭാവം ഏറ്റവും
വലുതും മഹത്തരവുമാണ്.

ആത്മീയപ്രഭാവമുള്ള നിരവധി
നേതാക്കൾ മുസ്‌ലിംലീഗിൽ ഇതി
നു മുമ്പും ഉണ്ടായിട്ടുണ്ട്. ശിഹാ
ബ് തങ്ങളുടെ ഭാര്യാപിതാവ് സ
യ്യിദ് അബ്ദുറഹ്‌മാൻ ബാഫഖി ത
ങ്ങൾ അങ്ങനെയുള്ള ഒരാളായി
രുന്നു. എന്നാൽ മൂന്നു പതിറ്റാണ്ടു
കാലം ഒരു സമുദായത്തിനും രാ
ഷ്ട്രീയ പാർട്ടിക്കും ഒരു സൂഫിയെ
പ്പോലെ തികച്ചും സ്വാഭാവികവും
എന്നാൽ വശ്യവും മാസ്മരികവുമാ
യ നേതൃത്വം നൽകിയ മറ്റൊരാൾ
ആ പാർട്ടിയിൽ ഉണ്ടായിട്ടില്ല. ശി
ഹാബ് തങ്ങളുടെ നേതൃത്വത്തിലാ
ണ് മുസ്‌ലിംലീഗ് കേരളരാഷ്ട്രീയ
ത്തിൽ അതിന്റെ യഥാർത്ഥ അസ്
തിത്വം അടയാളപ്പെടുത്തിയത്. മൂ
ന്നു പതിറ്റാണ്ടുകാലം കേരളത്തെ
വർഗ്ഗീയ അസ്വാസ്ഥ്യങ്ങളിൽനിന്ന്
കാത്തുവെച്ചതും ശിഹാബ് തങ്ങ
ളുടെ സൗമ്യനേതൃത്വം തന്നെ. മു
സ്‌ലിംലീഗ് വർഗ്ഗീയമാണോ അ
ല്ലയോ എന്ന ചർച്ചകളെപ്പോലും
അപ്രസക്തമാക്കുന്നതായിരുന്നു ത
ങ്ങളുടെ നേതൃത്വം.

കെയ്‌റോയിലെ അൽ അസ്
ഹർ സർവ്വകലാശാലയിൽ നിന്ന് മ
തത്തിൽ ഡോക്ടറേറ്റ് നേടിയ വ്യ
ക്തിയാണ് ശിഹാബ് തങ്ങൾ. ത
ങ്ങൾ എന്ന നാമധേയത്തിലൂടെ മ
തത്തിന്റെ ആത്മീയനേതൃത്വം വ
ഹിക്കാൻ സ്വാഭാവികമായും അദ്ദേ
ഹം ഉയർത്തപ്പെടുകയായിരുന്നു.
തങ്ങന്മാർ അഥവാ സയ്യിദന്മാരുടെ
ഗോത്ര പരമ്പരയുടെ താവഴി പ്ര
വാചക കുടുംബത്തിൽ എത്തി നി
ൽക്കുന്നതാണ്. മതവും കുടും
ബവും തങ്ങളുടെ ജീവിതത്തിൽ ഏ
റെ സ്വാധീനം ചെലുത്തി എന്നതു
നേരാണ്. ഫുൾസ്ലീവ് ഷർട്ടും മു
ണ്ടും തൊപ്പിയും ധരിച്ച് അദ്ദേഹം
പാരമ്പര്യത്തെ അപ്പടി സ്വീകരിച്ചു.

തങ്ങൾ എന്ന മാപ്പിള ഉച്ചാരണ
ത്തിലൂടെ ആത്മീയപ്രഭയിൽ ജീവി
ച്ച ശിഹാബ് തങ്ങളെ അമുസ്‌ലിം
കൾ വിശ്വസിക്കുകയും സ്നേഹി
ക്കുകയും ചെയ്തു. മുസ്‌ലിംലീഗ്
പാർട്ടിയിൽ വിശ്വസിക്കാത്തവർ
പോലും സി.എച്ച് മുഹമ്മദ് കോയ
യുടെ കാര്യത്തിലും സ്വീകരിച്ചത്
ഇതേ നിലപാടാണെന്ന് കാണാൻ
സാധിക്കും. പാർട്ടി ബന്ധങ്ങൾക്ക
പ്പുറത്ത് ഏവർക്കും സ്വീകാര്യനാവു
ക എന്നത് ഒരു പ്രത്യേക രാഷ്ട്രീയ
പാർട്ടിയുടെ നേതാവിനെ സംബ
ന്ധിച്ചിടത്തോളം അസാധാരണ
മാണ്. വിഘടിച്ചു നിൽക്കുന്ന കേര
ളത്തിലെയും ലോകത്തെയും മുസ്
ലിംകളെ ഒന്നിപ്പിക്കാനുള്ള കണ്ണിയാ
യിരുന്നു ശിഹാബ് തങ്ങൾ. വളരെ
താഴ്മയോടെയും സൂക്ഷ്മതയോ
ടെയും ഇന്ത്യക്കാരും മലയാളിക
ളുമായ മുസ്‌ലിംകളുടെ അസ്തിത്വ
വുമായി അദ്ദേഹം ഇഴുകിച്ചേർന്നു.

രാഷ്ട്രീയത്തിലൂടെയാണ് അദ്ദേ
ഹം തന്റെ മതത്തെ പ്രകടിപ്പിച്ചത്.
മറ്റുള്ളവരോടുള്ള ബഹുമാനം കാ
ത്തുസൂക്ഷിച്ച് തികച്ചും സന്ദർഭോ
ചിതമായി ശിഹാബ് തങ്ങൾ തന്റെ
കൂടെയുള്ളവരോടുള്ള പ്രതിബ
ദ്ധതയെ വെളിപ്പെടുത്തി. പാണക്കാ
ട്ടെ കൊടപ്പനക്കൽ തറവാടിന്റെ
മുറ്റത്ത് ചൊവ്വാഴ്ചയോ അല്ലെങ്കി
ൽ ശനിയാഴ്ചയോ കാണുന്ന ജന
പ്രവാഹം ആ നൈർമ്മല്യത്തെ അ





ടയാളപ്പെടുത്തി. ആ വീട്ടുകോടതിയിൽ സങ്കടം ബോധിപ്പിക്കാനെത്തിയിരുന്നത് തികച്ചും സാധാരണക്കാരായ പുരുഷന്മാരും സ്ത്രീകളുമായിരുന്നു. അവർ ഭാരങ്ങൾ ഇറക്കിവെക്കാനുള്ള അത്താണിയായി ശിഹാബ് തങ്ങളെ കണ്ടു. അവർക്കു മുമ്പിൽ അദ്ദേഹം ഉപദേശകനും ന്യായാധിപനുമായി. വാത്സല്യമുള്ള രക്ഷിതാവായി. അല്ലാഹുവിനോടുള്ള ശിഹാബ് തങ്ങളുടെ പ്രാർത്ഥനയും ഉപദേശനിർദ്ദേശങ്ങളും അവരെ ആശ്വസിപ്പിച്ചു; തൃപ്തിപ്പെടുത്തി. പാവപ്പെട്ടവരുമായി, അവരുടെ കൊച്ചുനൊമ്പരങ്ങളുമായി ഇത്രത്തോളം അടുത്തുനിൽക്കുന്ന രാഷ്ട്രീയവിദ്യാഭ്യാസം മാത്രം മതിയായിരുന്നു അദ്ദേഹത്തിന്റെ നേതൃഗുണത്തിന്. മറ്റൊരു രാഷ്ട്രീയനേതാവിനും അവകാശപ്പെടാനാവാത്ത അടുപ്പമായിരുന്നു അത്.

> **പാർട്ടിബന്ധങ്ങൾക്കപ്പുറത്ത് ഏവർക്കും സ്വീകാര്യനാവുക എന്നത് ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയുടെ നേതാവിനെ സംബന്ധിച്ചിടത്തോളം അസാധാരണമാണ്. വിഘടിച്ചുനിൽക്കുന്ന കേരളത്തിലെയും ലോകത്തെയും മുസ്‌ലിംകളെ ഒന്നിപ്പിക്കാനുള്ള കണ്ണിയായിരുന്നു ശിഹാബ് തങ്ങൾ. വളരെ താഴ്മയോടെയും സൂക്ഷ്മതയോടെയും ഇന്ത്യക്കാരും മലയാളികളുമായ മുസ്‌ലിംകളുടെ അസ്തിത്വവുമായി അദ്ദേഹം ഇഴുകിച്ചേർന്നു.**

ഈ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ ഫലം തന്റെ വ്യക്തിത്വത്തിലെ നൈർമ്മല്യമായിരുന്നു. എൺപതുകളുടെ തുടക്കത്തിൽ റിപ്പോർട്ടറായി ജോലി ചെയ്യുമ്പോൾ പാണക്കാട്ടെ പൂമുഖത്ത് അഭിമുഖത്തിനായി കാത്തുനിന്ന നിമിഷങ്ങൾ ഇപ്പോഴും ഓർക്കുന്നു. തൂവെള്ള വസ്ത്രം ധരിച്ച് പുഞ്ചിരിക്കുന്ന മുഖവുമായി അദ്ദേഹം കടന്നുവന്നു. ആ ദിവസം ജീവിതത്തിലെ മറക്കാനാവാത്ത നിമിഷങ്ങളുടേതു കൂടിയായിരുന്നു.



ദൈവത്തെ കാണാത്തതു പോലെ ശിഹാബ് തങ്ങളെയും ഞാൻ ഒരിക്കൽപ്പോലും കണ്ടിട്ടില്ല. നേരിട്ട് കാണാനായിട്ടില്ലെങ്കിലും പാണക്കാട് തങ്ങൾക്ക് ദൈവത്തിന്റെ ഒരു കരസ്പർശം ലഭിച്ചിട്ടുള്ളത് ഞാൻ കാണുന്നു. നേരിട്ട് കാണുന്ന തങ്ങളേക്കാൾ കാണാത്ത തങ്ങളാണ് എനിക്ക് അഭിമതൻ.

# ഒരു ദീപസ്തംഭം കാണുന്ന പോലെ

ഡോ. പുനത്തിൽ കുഞ്ഞബ്ദുല്ല

വിഭജനത്തിനു ശേഷം മുസ്ലിം ലീഗിന് നേതൃത്വം നൽകിയിരുന്ന ഉത്തരേന്ത്യയിലെ പല നേതാക്കളും പാക്കിസ്ഥാനിലേക്ക് ചേക്കേറിയപ്പോഴും മലബാറിൽ അതിന്റെ പ്രതിഫലനങ്ങളുണ്ടായില്ല. സത്താർ സേട്ടുവിനെപ്പോലുള്ള ചിലർ മാത്രമാണ് പാക്കിസ്ഥാനിലേക്ക് പോയത്. പിന്നീട് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് കേരളത്തിലെ ശക്തമായ രാഷ്ട്രീയ പാർട്ടിയായി മാറുന്ന കാഴ്ച അത്ഭുതകരമായിരുന്നു. 50കൾക്കു ശേഷം മുസ്ലിംലീഗ് അതിന്റെ അടിവേരുകൾ ശക്തിപ്പെടുത്തി.

അന്നെല്ലാം മുസ്ലിംലീഗ് മാത്രമല്ല, മുസ്ലിംകൾ മൊത്തത്തിൽ തൊട്ടുകൂടാൻ പറ്റാത്തവരായിരുന്നു. മാപ്പിളയായിരിക്കുക, മുസ്ലിമായി ജീവിക്കുക എന്നതുതന്നെ പലർക്കും വിഷമമുള്ള കാര്യമായി അനുഭവപ്പെട്ടു. മറ്റുള്ളവർക്കു മുന്നിൽ അവർ അങ്ങേയറ്റം അപമാനിതരായി.

എല്ലാ മാപ്പിളക്കുട്ടികളും അന്ന് മൊട്ടയടിക്കും. സ്കൂളുകളിൽ ചെന്നാൽ സാറന്മാർ മാപ്പിളക്കുട്ടികളുടെ മൊട്ടത്തലകളിൽ ചോക്ക് കൊണ്ട് വരക്കും. അത് ആ വാദ്ധ്യാന്മാരുടെ ഹോബിയായിരുന്നു. എന്നാൽ എന്റെ പിതാവ് എന്നെ മൊട്ടയടിപ്പിച്ചിരുന്നില്ല. മടപ്പള്ളി ഗവ. ഫിഷറീസ് ടെക്നിക്കൽ സ്കൂളിലാണ് ഞാൻ പഠിച്ചത്. അവിടെയുണ്ടായിരുന്ന കുഞ്ഞപ്പ നമ്പ്യാർ സാർ മാപ്പിള കുട്ടികളെ അവഹേളിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നത് ഇപ്പോഴും ഓർക്കുന്നു.

വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞ് നിൽക്കുന്നവർ എന്ന അർത്ഥത്തിൽ അപരിഷ്കൃതരായ ജനതയോടെന്ന പോലെയാണ് മുസ്‌ലിംകളോട് പെരുമാറിയിരുന്നത്. എന്നാൽ അന്നത്തെ മുസ്‌ലിംകളുടെ വിദ്യാഭ്യാസത്തോടുള്ള വിമുഖത സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു എന്നതാണ് വസ്തുത. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടും അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുമുള്ള അവരുടെ വെറുപ്പ് ബ്രിട്ടീഷുകാരോടുള്ള വെറുപ്പിന്റെ ഭാഗമായിരുന്നു എന്ന് ചരിത്രം ശരിക്ക് ചികഞ്ഞുനോക്കിയാൽ മനസ്സിലാക്കാവുന്നതാണ്.

മുസ്‌ലിംലീഗിനെപ്പറ്റി വിചാരിക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യമെത്തുന്നത് ബാഫഖി തങ്ങളുടെ ഒരു പ്രസംഗമാണ്. കാരക്കാട് മൈതാനിയിൽ തങ്ങൾ പ്രസംഗിക്കുന്നത് ഞാൻ കാണുന്നു. 1950–55 കാലങ്ങളിലെന്നോ ആണ്. അന്ന് മലയാളത്തിൽ വളരെ കുറച്ച് പത്രങ്ങൾ മാത്രമേ പ്രചാരത്തിലുണ്ടായിരുന്നുള്ളൂ. മാതൃഭൂമി, പൗരശക്തി, ചന്ദ്രിക തുടങ്ങിയവ. പിറ്റേന്ന് വന്ന ചന്ദ്രിക ഒഴികെയുള്ള ഒരു പത്രത്തിലും ബാഫഖി തങ്ങളുടെ പ്രസംഗമോ ആ സമ്മേളനമോ വാർത്തയായി ഉണ്ടായിരുന്നില്ല. മുസ്‌ലിംലീഗിന്റെ എന്നു മാത്രമല്ല, മുസ്‌ലിംകളുമായി ബന്ധപ്പെട്ട ഒരു വാർത്തയും പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നില്ല. മാതൃഭൂമിയിലെ കെ.പി കേശവമേനോനും വി.എം നായരുമൊക്കെ ഇക്കാര്യത്തിൽ കണിശക്കാരായിരുന്നു.

അത്തരം പത്രങ്ങളുടെ മനോഭാവത്തെ ഉടച്ചും ഉലച്ചും കളഞ്ഞത് മനോരമയായിരുന്നു. മനോരമ പ്രചാരത്തിൽ മുന്നിൽ വന്നതോടെ മാറ്റങ്ങളുണ്ടായി. മറ്റു പത്രങ്ങളിലും ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ വരാൻ തുടങ്ങി.

പത്ത് വർഷക്കാലത്തോളം ഞാൻ നാട്ടിലില്ലായിരുന്നു. അലിഗഡിലെ പഠനം കഴിഞ്ഞ് മടങ്ങി വന്ന എന്റെ എഴുപതുകളിൽ മുസ്‌ലിംലീഗ് സജീവ രാഷ്ട്രീയ പാർട്ടിയായി മാറിയത് കണ്ടു. മദ്ധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമായി കേരളത്തിലെ മുസ്‌ലിംലീഗിന് ചില പ്രത്യേകതകളുണ്ടായിരുന്നു. മതേതരത്വത്തിനും മതസൗഹാർദ്ദത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് ആ പാർട്ടി പ്രവർത്തിച്ചുവന്നത്. അതുകൊണ്ട് തന്നെയാവാം ഇ.എം.എസ്സിനെപ്പോലുള്ള കമ്യൂണിസ്റ്റ് ആചാര്യൻ പോലും മുസ്‌ലിംലീഗുമായി കൂട്ടുണ്ടാക്കാൻ ആഗ്രഹിച്ചത്.


അലിഗഡിൽ വിദ്യാർത്ഥിയായിരുന്ന എനിക്ക് ഒരിക്കൽ സസ്പെൻഷനുള്ള എല്ലാ വകയും ഒത്തുകിട്ടി. അതു സംഭവിക്കുമെന്ന് ഉറപ്പാവുകയും ചെയ്തു. എന്നാൽ അന്ന് പാർലമെന്റ് മെമ്പറായിരുന്ന സി.എച്ച് മുഹമ്മദ് കോയ ഹിരൺ മുഖർജിയെക്കൊണ്ട് വൈസ് ചാൻസലർക്ക് ശുപാർശ ചെയ്യിക്കാമെന്നു പറഞ്ഞു. അങ്ങനെ നടന്നതു കൊണ്ട് മാത്രമാണ് ആ സസ്പെൻഷൻ ഭീതി അകന്നുപോയത്.

പിന്നീടങ്ങോട്ട് മുസ്‌ലിംലീഗിൽ എനിക്ക് ഏറ്റവും അടുപ്പമുള്ള നേതാവായിരുന്നു സി.എച്ച്. 1980ൽ വടകരയിൽ ഞാൻ പ്രാക്ടീസ് ചെയ്യുന്ന കാലം. അന്നൊരിക്കൽ സി.എച്ച് എന്റെ അടുത്തു വന്ന് നിന്റെ വകയായി ഒരു കുത്ത് വേണമെന്ന് പറഞ്ഞത് മറക്കാനാവില്ല. ഒരാളെ ഡോക്ടർ കുത്തിവെക്കുമ്പോൾ അയാളുടെ രക്തത്തിലേക്കാണ് കൈ കടത്തുന്നത്. ഞാനതു ചെയ്തു. ചന്ദ്രികയിലെ പി.എം അബൂബക്കറു

**ഒരു കവിമനസ്സുണ്ടാകുമ്പോഴാണ് രാഷ്ട്രീയ നേതാക്കൾക്ക് സാർവ്വലൗകിക ദർശനമുണ്ടാകുന്നത്. അങ്ങനെ സാർവ്വലൗകികത കൈവന്ന ഏക നേതാവാണ് ശിഹാബ് തങ്ങൾ. ഞാൻ അദ്ദേഹത്തെ ശ്രീനാരായണഗുരുവുമായി ഉപമിക്കാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ ഉള്ളിന്റെ ഉള്ളിലും ഒരു ജാതി ഒരു ദൈവം ഒരു മതം എന്നു തന്നെയായിരിക്കണം ഉണ്ടായിരുന്നത്.**

പിതാവ് പി.എം.എസ്.എ. പൂക്കോയ തങ്ങളോടൊപ്പം ശിഹാബ് തങ്ങൾ





വൈക്കം മുഹമ്മദ് ബഷീറിനോടൊപ്പം

മായും അക്കാലത്ത് എനിക്ക് ബന്ധമുണ്ടായിരുന്നു.

അന്നു തൊട്ടേ കേൾക്കുന്ന പേരാണ് സയ്യിദ് ശിഹാബ് തങ്ങളുടേത്. യു.ഡി.എഫിന്റെ ചർച്ചകൾ, മുസ്‌ലിംലീഗിന് കൂടുതൽ അംഗീകാരങ്ങൾ എന്നിവയെല്ലാം സംഭവിച്ചുകൊണ്ടിരിക്കുമ്പോഴും ആ പേര് കേട്ടുകൊണ്ടിരുന്നു. ഇന്ന് കാണുന്ന ചില രാഷ്ട്രീയക്കാരെപ്പോലെയായിരുന്നില്ല ശിഹാബ് തങ്ങൾ. ഒരിക്കൽപ്പോലും വിവാദപ്രസ്താവനകൾ നടത്താതെ, തലയെടുപ്പ് കാണിക്കാനുള്ള ശ്രമങ്ങൾ നടത്താതെ ശിഹാബ് തങ്ങൾ രാഷ്ട്രീയത്തിൽ വേറിട്ടു നിന്നത് എന്നെ ആനന്ദിപ്പിച്ച കാഴ്ചയാണ്.

ശിഹാബ് തങ്ങളുടെ മരണത്തോടെയാണ് അദ്ദേഹം വലിയ മഹാനായിരുന്നു എന്ന ബോധ്യം എല്ലാവർക്കുമുണ്ടായത്. അദ്ദേഹം സാധാരണക്കാരനായിരുന്നില്ല. തങ്ങളുടെ വിയോഗത്തോടെ നമുക്ക് നഷ്ടപ്പെട്ടത് മാനവസ്നേഹത്തിന്റെയും മതമൈത്രിയുടെയും ഉപാസകനെയാണ്.

സംഘടിതവും ശക്തവുമായ മുസ്‌ലിം സാന്നിദ്ധ്യമുള്ള കേരളത്തിൽ ബാബറി മസ്ജിദിന്റെ തകർച്ച വലിയ കലാപങ്ങളുണ്ടാക്കുമെന്ന് പലരും ഭയപ്പെട്ടിരുന്നു. എന്നാൽ ആ കാലത്തെ സംയമനത്തോടെ കൈകാര്യം ചെയ്ത് കേരളത്തിൽ ശാന്തമായ അന്തരീക്ഷമുണ്ടാക്കിയത് ശിഹാബ് തങ്ങളായിരുന്നു. പാലക്കാട്ടെ വെടിവെപ്പിൽ സിറാജുന്നീസ എന്ന മുസ്‌ലിം പെൺകുട്ടി മരിക്കാനിടയായ സാഹചര്യത്തിലും, പൂന്തുറ കലാപത്തിലും, അങ്ങനെ സംഘർഷങ്ങളുണ്ടായേക്കാവുന്ന സന്ദർഭങ്ങളിലൊക്കെ അതിനെ കലാപമായി മാറാതെ സൂക്ഷിച്ച കെടാവിളക്കായിരുന്നു തങ്ങൾ. കേരള രാഷ്ട്രീയത്തിൽ ഇതുപോലെ ചോദ്യം ചെയ്യപ്പെടാത്ത ഒരു രാഷ്ട്രീയനേതാവും ഉണ്ടായിട്ടില്ല. ഇതുപോലെ ജനസമ്മതനായ ഒരു നേതാവും ഉണ്ടായിട്ടില്ല. ജനസമ്മതൻ എന്നതുകൊണ്ട് ഉദ്ദേശിച്ചത് പൊതുജനത്തെയാണ്. പൊതുജനങ്ങളായ സാധാരണക്കാർക്ക് അദ്ദേഹത്തോടുള്ള ഇഷ്ടത്തിന്റെ ആഴം നാം അറിയുന്നത് മരണസമയത്തെ ജനപ്രവാഹത്തിലൂടെയാണ്. കേരളജനതയുടെ ഒരു പരിച്ഛേദമായിരുന്നു അന്ന് അവിടെ കണ്ടത്.

ഇത്രയും വിനയാന്വിതനായ ഒരാളെ ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. നേരിട്ടു കണ്ടിട്ടില്ലെങ്കിലും ഫോട്ടോയിലും മറ്റും ആ മുഖം കാണുമ്പോൾ, ആ മനോഹരമായ പുഞ്ചിരി കാണുമ്പോൾ വല്ലാത്ത ആദരവ് തോന്നാറുണ്ട്. പുഞ്ചിരിയുടെ ബ്രാന്റ് അംബാസഡറായിട്ടു പോലും വിശേഷിപ്പിക്കാവുന്ന വ്യക്തിത്വം. സമവായത്തിന്റെ വക്താവ്, വിവാദങ്ങളുണ്ടാക്കാത്ത രാഷ്ട്രീയക്കാരൻ, സമചിത്തതയോടെ കാര്യങ്ങളെ സമീപിക്കുന്ന നേതാവ്, അധികാരങ്ങളിൽ നിന്ന് പാടെ അകന്നു നിന്ന ഏക രാഷ്ട്രീയക്കാരൻ എന്നീ നിലകളിലെല്ലാം ശിഹാബ് തങ്ങൾ അത്യുന്നതനാണ്.

അപാരമായ വിദ്യാഭ്യാസ യോഗ്യതകളുള്ള, അഭിപ്രായഭിന്നതകൾ ഉള്ളവർക്കു പോലും ആദരണീയനായ ശിഹാബ് തങ്ങൾ വ്യതിരിക്തതയുള്ള രാഷ്ട്രീയക്കാരനായിരുന്നു എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകില്ല. വിദേശ വിദ്യാഭ്യാസവും കാവ്യാത്മകമായ മനസ്സുമാണ് അദ്ദേഹത്തെ രൂപപ്പെടുത്തിയത്. ഒരു കവിമനസ്സുണ്ടാകുമ്പോഴാണ് രാഷ്ട്രീയനേതാക്കൾക്ക് സാർവ്വലൗകിക ദർശനമുണ്ടാകുന്നത്. അങ്ങനെ സാർവ്വലൗകികത കൈവന്ന ഏക നേതാവാണ് ശിഹാബ് തങ്ങൾ. ഞാൻ അദ്ദേഹത്തെ ശ്രീനാരായണഗുരുവുമായി ഉപമിക്കാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ ഉള്ളിന്റെ ഉള്ളിലും ഒരു ജാതി ഒരു ദൈവം ഒരു മതം എന്നു തന്നെയായിരിക്കണം ഉണ്ടായിരുന്നത്.

ദൈവത്തെ കാണാത്തതു പോലെ ശിഹാബ് തങ്ങളെയും ഞാൻ ഒരിക്കൽപ്പോലും കണ്ടിട്ടില്ല. നേരിട്ട് കാണാനായിട്ടില്ലെങ്കിലും പാണക്കാട് തങ്ങൾക്ക് ദൈവത്തിന്റെ ഒരു കരസ്പർശം ലഭിച്ചിട്ടുള്ളത് ഞാൻ കാണുന്നു. നേരിട്ട് കാണുന്ന തങ്ങളേക്കാൾ കാണാത്ത തങ്ങളാണ് എനിക്ക് അഭിമതൻ. ഇപ്പോൾ ഞാൻ അദ്ദേഹത്തെ ശരിക്കും കാണുന്നു. ഒരു ദീപസ്തംഭം കാണുന്നപോലെ ദൂരെ നിന്നുള്ള ഒരു വെളിച്ചം ▪